**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2915** **13-12-2022 - ൽ മറുപടിയ്ക്ക്**

**മലബാർ കൾച്ചറൽ അക്കാഡമി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ പ്രവർത്തിക്കുന്ന മലബാർ കൾച്ചറൽ അക്കാഡമിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നത് സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | മലബാർ കൾച്ചറൽ അക്കാദമിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഭരണാനുമതി ആവശ്യമില്ലാത്ത മരാമത്ത് പണികളിൽ 300 ലക്ഷം രൂപ അടങ്കൽ അംഗീകരിച്ച് ടോക്കൺ പ്രൊവിഷനായി 100/- രൂപ വകയിരുത്തിയിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനായി അക്കാദമിക്ക് സ്വന്തമായി ഭൂമി കൈവശമുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ സാംസ്കാരിക വകുപ്പ് ഡയറക്ടർ മലബാർ കൾച്ചറൽ അക്കാദമി സെക്രട്ടറിയോടാവശ്യപ്പെട്ടിട്ടുണ്ട്. മറുപടി ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | മലബാർ കൾച്ചറൽ അക്കാദമിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഭരണാനുമതി ആവശ്യമില്ലാത്ത മരാമത്ത് പണികളിൽ 300 ലക്ഷം രൂപ അടങ്കൽ അംഗീകരിച്ച് ടോക്കൺ പ്രൊവിഷനായി 100/- രൂപ വകയിരുത്തിയിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനായി അക്കാദമിക്ക് സ്വന്തമായി ഭൂമി കൈവശമുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ സാംസ്കാരിക വകുപ്പ് ഡയറക്ടർ മലബാർ കൾച്ചറൽ അക്കാദമി സെക്രട്ടറിയോടാവശ്യപ്പെട്ടിട്ടുണ്ട്. മറുപടി ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ